©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2018 സെപ്റ്റംബർ 25<br>25th September 2018<br>1194 കന്നി 9<br>9th Kanni 1194<br>1940 ആശ്വിനം 3<br>3rd Aswina 1940 | നമ്പർ<br>No. 38 |

# PART IV

# Private Advertisements and Miscellaneous Notifications

## കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

(A Government of Kerala Undertaking)
(website: peedika.kerala.gov.in)

ലേല പരസ്യം

നമ്പർ ഇ–283/2014. 2018 ആഗസ്റ്റ് 14.

തിരുവനന്തപുരം വഞ്ചിയൂരുള്ള കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് കാര്യാലയത്തിൽ സൂക്ഷിച്ചിരിക്കുന്നതും ഈ ക്ഷേമനിധി ബോർഡിന് ഉപയോഗം ഇല്ലാത്തതുമായ കെ. എൽ 01 എ ഡബ്ല്യു 8996–ാം നമ്പർ ഫോർഡ് ഐക്കൺ കാർ 3-10-2018 രാവിലെ 11 മണിക്ക് പ്രസ്തുത ഓഫീസിൽ വച്ച് പരസ്യമായി ലേലം/ടെണ്ടർ വഴി വിൽപന നടത്തുന്നതാണ്.

ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ ലേലദിവസം ലേലസ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി വാഹനത്തിന് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം വഞ്ചിയൂരുള്ള ചീഫ് ഓഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതുമാണ്.

കൂടാതെ വാഹനം ലേലത്തിൽ വാങ്ങുവാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും സീൽ വച്ച കവറിൽ മുൻകൂട്ടി ടെണ്ടറുകൾ 28-9-2018 വൈകുന്നേരം 4 മണി വരെ നേരിട്ടോ തപാൽമാർഗ്ഗമോ ചീഫ് ഓഫീസിൽ സ്വീകരിക്കുന്നതാണ്. ടെണ്ടറിനോടൊപ്പം നിശ്ചിത നിരതദ്രവ്യം അടച്ചതിനുള്ള രസീതും ഉണ്ടായിരിക്കേണ്ടതാണ്. വൈകി കിട്ടുന്ന ടെണ്ടറുകൾ നിരുപാധികം നിരസിക്കുന്നതായിരിക്കും. പ്രസ്തുത കവറിനുമുകളിൽ ഡിപ്പാർട്ടുമെന്റ് വാഹനം രജിസ്ട്രേഷൻ നമ്പർ കെ. എൽ. 01 എ ഡബ്ല്യു 8996 ലേലത്തിൽ വാങ്ങുന്നതിനുള്ള ടെണ്ടർ എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

പരസ്യലേലം അവസാനിച്ചാലുടൻ ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ ഏതിലാണ് കൂടുതൽ തുക കാണുന്നത്, ലേലം/ടെണ്ടർ തുകയുടെ പകുതിയും ജി.എസ്.റ്റി. തുക പൂർണ്ണമായും നിരതദ്രവ്യം കിഴിച്ച് ലേല സ്ഥലത്തുവച്ചുതന്നെ ലേലം പിടിച്ച വ്യക്തി അടയ്ക്കേണ്ടതും ബാക്കി സംഖ്യ ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടുന്ന മുറയ്ക്ക് 5 ദിവസത്തിനുള്ളിൽ അടച്ച് ലേല വാഹനം സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതുമാണ്. ഏതെങ്കിലും കാരണവശാൽ ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ ടി നിബന്ധനകൾക്ക് വിപരീതമായി പ്രവർത്തിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക ബോർഡിലേക്ക് മുതൽ കൂട്ടുന്നതും വാഹനം പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലത്തിൽ ബോർഡിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് ടിയാൻ ഉത്തരവാദി ആയിരിക്കുന്നതും ആയത് ടിയാനിൽ നിന്ന് ഈടാക്കുന്നതുമാണ്. എന്നാൽ പുനർലേലത്തിൽ കൂടുതൽ തുക ലഭിക്കുകയാണെങ്കിൽ ആയതിന് ടിയാൻ അർഹനായിരിക്കുന്നതുമല്ല.

മേൽ പ്രസ്താവിച്ച വാഹനം ലേലത്തിന് തൊട്ടു മുമ്പുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയത്ത് വഞ്ചിയൂരുള്ള ചീഫ് ഓഫീസിൽ ബന്ധപ്പെട്ടവരുടെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വയ്ക്കുന്നതിനും ലേലം അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്.

ചീഫ് എക്സിക്യൂട്ടീവ്
ഓഫീസറുടെ കാര്യാലയം,
ചെറുന്നിയൂർ ടവേഴ്സ്,
ഒന്നാം നില,
വഞ്ചിയൂർ പി.ഒ.,
തിരുവനന്തപുരം–35 (ഒപ്പ്)
ഫോൺ: 0471–2572758/2572189 ചീഫ് എക്സിക്യൂട്ടീവ്
e-mail: peedikaceo@gmail.com ഓഫീസർ.

---

## കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

വിജ്ഞാപനം

നമ്പർ 1/2018–19. 2018 ജൂൺ 13.

കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിൽ ശാസ്താംകോട്ട വില്ലേജിൽ സ്ഥിതിചെയ്യുന്ന കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ശാസ്താംകോട്ട 110 കെ. വി. സബ്സ്റ്റേഷനിൽ നിന്നും കരുനാഗപ്പള്ളി 66 കെ. വി. സബ്സ്റ്റേഷനിലേക്ക് വലിച്ചിട്ടുള്ള 66 കെ. വി. പ്രസരണലൈൻ ശേഷി വർദ്ധിപ്പിച്ച് 110 കെ. വി. ആക്കി ഉയർത്തുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുള്ളതാകുന്നു. പ്രസ്തുത ജോലിയുടെ ഭാഗമായി ലൈനിന്റെ സർവ്വേയ്ക്കും അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉദ്യോഗസ്ഥൻമാരും അവർ താൽക്കാലികമായി നിയമിക്കുന്നവരും, ഈ ലൈൻ കടന്നുപോകുന്ന ശാസ്താംകോട്ട, പോരുവഴി, ശൂരനാട് തെക്ക്, തൊടിയൂർ എന്നീ പഞ്ചായത്ത് പ്രദേശങ്ങളിലും കരുനാഗപ്പള്ളി മുനിസിപ്പൽ പ്രദേശത്തും ഉള്ള പുരയിടങ്ങളിൽക്കൂടി അവരുടെ നിയമാനുസൃത കൃത്യനിർവ്വഹണത്തിനായി ആവശ്യമുള്ള ഏത് സമയത്തും പ്രവേശിക്കുന്നതാണെന്ന വിവരം 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റ് 164 വകുപ്പ് പ്രകാരം ബന്ധപ്പെട്ട എല്ലാവരെയും ഇതിനാൽ അറിയിക്കുന്നു.

ട്രാൻസ്മിഷൻ സർക്കിൾ, (ഒപ്പ്)
കൊട്ടാരക്കര. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ.